SHRI N. RAGHAVA KURUP: On a point of order, Sir. If an Hon. Member who has sent up the question is not present at the time the question comes of for answer, cannot any other hon. Member who is interested in the question request that the answer be given.

MR. SPEAKER: Oh yes, with the permission of the Chair. Nobody requested for the answer. If you want the answer you may say so and I shall direct the answer to be given.

SHRI P. S. NATARAJA PILLAI: On a point of order, Sir. Should not a member get the permission of the hon. Member who put the interpellation? Can anybody interested in the question put the question for the hon. Member who originally put the question? Has the House been seized of the matter? I do not think it has.

MR. SPEAKER: The rules have been since altered. Another member who is interested, can make a request for an answer to the question.

പുതിയവ്യവസായങ്ങൾ.

* 15. [16] ശ്രീ. ആർ. പ്രകാശം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം പഞ്ചവത്സരപദ്ധതിയിൽ പുതിയ വ്യവസായങ്ങൾ സ്റ്റേറ്റിന്റെ ഏതെല്ലാം ഭാഗങ്ങളിൽ സ്ഥാപിക്കുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ട്;

(ബി) ഈ വ്യവസായങ്ങൾക്കുണ്ടാക്കുന്നതിനുവേണ്ട വിവരം മുൻകൂട്ടി അറിയുന്നതിനായി ഇൻഡസ്ട്രിയൽ സർവ്വേ ഗവണ്മെന്റിൽനിന്നും നടത്തിയിട്ടുണ്ടോ;

(സി) ഇന്നുവരെ യാതൊരു വ്യവസായങ്ങളുമില്ലാത്ത ആറന്മുള താലൂക്കിൽനിന്നും ഇതിനെസംബന്ധിച്ച് എന്തെങ്കിലും നിവേദനം ഉണ്ടായിട്ടുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) പുതിയ വ്യവസായങ്ങൾ സ്റ്റേറ്റിന്റെ ഏതെല്ലാം ഭാഗങ്ങളിൽ സ്ഥാപിക്കണമെന്നുള്ളതിനെപ്പറ്റി ഇതുവരെ അവസാനതീരുമാനമുണ്ടായിട്ടില്ല.

(ബി) ഇല്ല.

(സി) ഉണ്ട്.

ശ്രീ. ആർ. പ്രകാശം: ഇതു സംബന്ധിച്ചു എന്തെങ്കിലും പ്രാരംഭതീരുമാനം ഉണ്ടായിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ചില വ്യവസായങ്ങൾ ആരംഭിക്കണമെന്നു മാത്രമേ തീരുമാനിച്ചിട്ടുള്ളൂ. അവ എവിടെ സ്ഥാപിക്കണമെന്നു തീരുമാനിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. പ്രകാശം : ചോദ്യം (സ്) വകുപ്പിൽ പറയുന്ന നിവേദനത്തെപ്പറ്റി ഗവണ്മെന്റിന്റെ മനോഭാവമെന്താണ്?

ശ്രീ. എ. ജെ. ജാൺ : അതു അവസാനതീരുമാനം അനുസരിച്ചിരിക്കും.

ശ്രീ. എൻ. രാഘവക്കുറുപ്പ് : എന്തെല്ലാം വ്യവസായങ്ങളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. എ. ജെ ജാൺ : ഷീറ്റ് ഗ്ലാസ് ഫാക്ടറി, സ്റ്റാർച്ച് ആൻഡ് ഗ്ലൂക്കോസ് ഫാക്ടറി, അയോഡൈൻ ആരോമാറ്റിക്സ് ഫാക്ടറി, ഹാർഡ് ബോർഡ് ഫാക്ടറി, സാൻഡ് ലൈംബ്രിക്സ് ഫാക്ടറി ഇത്രയുമാണ് ഗവണ്മെന്റ പ്രൊപ്പോസൽസ്.

ശ്രീ. എൻ. രാഘവക്കുറുപ്പ് : ഇതിനെല്ലാംകൂടി ക്യാപ്പിറ്റൽ എത്ര വേണമെന്നു കണക്കാക്കിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ : ഈ വ്യവസായങ്ങളെല്ലാം ഗവണ്മെന്റുതന്നെ ആരംഭിക്കുമെന്നു വിചാരമില്ല. ഏതെങ്കിലും വ്യക്തികളോ പ്രൈവറ്റ കമ്പനികളോ നടത്തുവാൻ തയ്യാറാണെന്നു കണ്ടാൽ ധനസഹായംനൽകി അതിനെ പ്രോത്സാഹിപ്പിക്കാമെന്നും വിചാരിക്കുന്നുണ്ട്. അവസാനതീരുമാനം ഒന്നും ചെയ്തിട്ടില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ് : പബ്ലിക്ക സെക്ടർ ഫണ്ടുകൊണ്ട് ഏതെങ്കിലും വ്യവസായങ്ങൾ ആരംഭിക്കണമെന്ന് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ : അക്കാര്യവും തീരുമാനിച്ചിട്ടില്ല. മൂന്നാലു വ്യവസായങ്ങളെങ്കിലും ഇവിടെ നടത്തണമെന്നു ഇൻഡ്യാ ഗവണ്മെന്റിനോട് ശക്തിയായി നിവേദനം നടത്തിയിട്ടുണ്ട്.

ശ്രീ. എൻ. രാഘവക്കുറുപ്പ് : പബ്ലിക്ക സെക്റ്ററിൽ സംസ്ഥാന ഗവണ്മെന്റ് എന്തെങ്കിലും പുതിയ വ്യവസായങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ : പുതിയ വ്യവസായങ്ങളൊന്നും തുടങ്ങാൻ തീരുമാനിച്ചിട്ടില്ല.

ശ്രീ. ടി. കെ. ദിവാകരൻ : ടയർ ഫാക്റ്ററി എവിടെയാണ് ആരംഭിക്കുവാൻ പോകുന്നതെന്നു തീരുമാനിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ : തീരുമാനിച്ചിട്ടില്ല.

ശ്രീ. ടി. കെ. ദിവാകരൻ : തിരുവനന്തപുരത്തെ റബ്ബർഫാക്റ്ററി ഉള്ളപ്പോൾ ടയർ ഫാക്റ്ററി കോട്ടയത്തു തുടങ്ങാൻ പോകുന്നു എന്നു കേൾക്കുന്നതു ശരിയാണോ?

ശ്രീ. എ. ജെ. ജാൺ : അങ്ങനെ ആലോചിച്ചിട്ടില്ല.

ശ്രീ. ടി. കെ. ദിവാകരൻ : പബ്ലിക്ക സെക്ടറിൽ ടയർ ഫാക്റ്ററി നടത്തുന്ന കാര്യം ഗവണ്മെന്റ ആലോചിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജാൺ: ഫാ ്റ്ററി സ്ഥാപിക്കുന്നതിന് ഏതെങ്കിലും കമ്പനികളെ വ്യക്തികളെ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ, അവർക്കു യുക്തമായ സ്ഥലത്തു സ്ഥാപിക്കുന്നതിനു അനുവാദം നൽകുന്നകാര്യം ഗവണ്മെൻറ് ആലോചിക്കുന്നതായിരിക്കും.

ശ്രീ. ടി. കെ. ദിവാകരൻ: തിരുവനന്തപുരത്തെ റബ്ബർഫാക്ടറി വിപുലപ്പെടുത്താൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ: വിപുലനത്തിൽ എന്തെല്ലാം ഉദ്ദേശിക്കുന്നുണ്ട്?

ശ്രീ. എ. ജെ. ജാൺ: ടയർ ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: പുതിയ വ്യവസായങ്ങൾ തുടങ്ങാനുള്ള പ്രൊപ്പോസൽസ് ഏതെങ്കിലും വ്യക്തികളിൽനിന്നും ലഭിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഉണ്ട്. പക്ഷെ തീരുമാനം ഒന്നും ചെയ്തിട്ടില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഓരോ വ്യവസായത്തിനും ആരെല്ലാമാണ് അപേക്ഷിച്ചിട്ടുള്ളതെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ: ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: പ്രൊപ്പോസൽസ് പരിഗണിക്കപ്പെട്ടിട്ടില്ലേ?

ശ്രീ. എ. ജെ. ജാൺ: ഇല്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഏതെല്ലാം സ്ഥലങ്ങളിലാണ് ഈ വ്യവസായങ്ങൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. എ. ജെ. ജാൺ: അവയ്ക്ക് ആവശ്യമുള്ള അസംസ്കൃത സാധനങ്ങൾ ഉള്ളതുപോലെ സ്ഥലം നിശ്ചയിക്കും. അതിനെ പ്പറ്റി, ഫൈനലൈസ് ചെയ്യുന്നതിനുമുൻപു് അന്വേഷണം നടത്തി തീരുമാനിക്കും.

ശ്രീ. കെ. എം. ജാർജ്ജ്: വ്യവസായങ്ങളുടെ സാദ്ധ്യതകളെപ്പറ്റി ശരിയായ പഠനം നടത്തിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: സർവ്വെ നടത്തിയിട്ടില്ല.

ശ്രീ. കെ. എം. ജാർജ്ജ്: അപ്പോൾ പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതു ബുദ്ധിപൂർവ്വമാണോ?

ശ്രീ. എ. ജെ. ജാൺ: ഈ വക സംഗതികളെപ്പറ്റി രണ്ടോ മൂന്നോ ആഴ്ചയ്ക്കു മുൻപു തിരുവിതാംകൂർ-കൊച്ചിയിലുള്ള വ്യവസായതല്പരന്മാരെ വിളിച്ചുകൂട്ടി ചീഫ് മിനിസ്റ്ററുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം കൂടുകയും, വേണ്ട സഹായസഹകരണങ്ങൾ നൽകണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly